

ഫോട്ടോ കടപ്പാട് : കൃഷ്ണമൂർത്തി, ലിങ്ക് ഇന്റർനാഷണൽ

# നേരായ ജീവിതരീതി


ജിദ്ദു കൃഷ്ണമൂർത്തി
പരിഭാഷ : സുമൻ കെ.ബി.


***ചോദ്യം :*** **ഞാൻ ഒരധ്യാപകനായി ജോലിനോക്കുന്നു. അവിടത്തെ പാഠ്യപദ്ധതിയുമായും സമൂഹത്തിന്റെ ഘടനയുമായും ഞാൻ നിരന്തരമായ വിയോജിപ്പിലാണ്. എല്ലാ ജോലിയിൽ നിന്നും ഞാൻ വിരമിക്കണോ? ശരിയായ ജീവനോപായം എന്താണ്? വൈരുദ്ധ്യങ്ങളെ ചിരസ്ഥായിയാക്കാത്ത ഒരു ജീവിതരീതി ഉണ്ടോ?**

ഈ സങ്കീർണ്ണമായ ചോദ്യത്തിലേക്ക് പടിപടിയായി നമുക്ക് കടക്കാം. ഒരു അധ്യാപകനെന്നാൽ എന്താണ്? ഒന്നുകിൽ ചരിത്രം, ജീവശാസ്ത്രം, ഊർജ്ജതന്ത്രം എന്നീ വിഷയങ്ങളിലെ വിവരങ്ങൾ പകർന്നുകൊടുക്കുന്ന ആളാവാം. അല്ലെങ്കിൽ അയാൾ വിദ്യാർത്ഥിയുടെ ഒപ്പംതന്നെ അവനവനെക്കുറിച്ച് പഠിക്കുന്ന ആളാവാം. ജീവിതത്തിന്റെ പൂർണ്ണമായ ഒഴുക്കിനെ മനസ്സിലാക്കുന്ന പ്രക്രിയയാണ് അത്. ഞാൻ ഊർജ്ജതന്ത്രത്തിന്റെയും ജീവശാസ്ത്രത്തിന്റെയും ഒന്നും അല്ല മനശാസ്ത്രത്തിന്റെ തന്നെ അധ്യാപകനാണെങ്കിൽ വിദ്യാർത്ഥിക്ക് എന്നെ മനസ്സിലാകുമോ? എന്റെ നിർദ്ദേശങ്ങൾ അവന് സ്വയം അറിയുവാൻ സഹായകമാവുമോ?

ഒരു അധ്യാപകൻ എന്നാൽ എന്താണെന്ന് നമ്മൾക്ക് ഏറെ കരുതലും വ്യക്തതയും വേണം. മന:ശാസ്ത്രത്തിൽ ഒരധ്യാപകനുണ്ടോ? അതോ വസ്തുതകൾ പഠിപ്പിക്കുന്നവരാണോ ഉള്ളത്. നിങ്ങൾക്ക് നിങ്ങളെത്തന്നെ മനസ്സിലാക്കാൻ സഹായിക്കുന്ന അധ്യാപകൻ ഉണ്ടോ? ചോദ്യകർത്താവ് പറയുന്നത് അയാൾ ഒരു അധ്യാപകനാണ്. വിദ്യാഭ്യാസത്തിന്റെയും സ്ക്കൂളിന്റെയും നിലവിലുള്ള ചട്ടക്കൂടിനോടും അയാളോടുതന്നെയും അയാൾ നിരന്തര സമരത്തിലാണ്. ഇതെല്ലാം വേണ്ടെന്നുവയ്ക്കണോ? എല്ലാം കയ്യൊഴിഞ്ഞാൽ എന്താണ് ചെയ്യുക? ശരിയായ അധ്യയനം എന്തെന്നുമാത്രമല്ല, ശരിയായ ജീവിതരീതി എന്താണെന്നുകൂടി അയാൾ അന്വേഷിക്കുന്നു. എന്താണ് ശരിയായ ജീവിതരീതി. സമൂഹത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ശരിയായ ജീവിതരീതി ഇല്ല. നിങ്ങൾക്ക് ഒരു ജീവിതോപായം കണ്ടെത്തേണ്ടതുണ്ട്. നിങ്ങൾ വിവാഹിതനാകുന്നു, കുട്ടികളുണ്ടാകുന്നു, പ്രാരാബ്ദങ്ങൾ വരുന്നു. അതുകൊണ്ട് ഒരു എഞ്ചിനീയറോ, പ്രൊഫസറോ ആയി നിങ്ങൾക്ക് ജീവിക്കേണ്ടി വരുന്നു. ഇന്നത്തെ സാമൂഹിക ക്രമത്തിൽ ശരിയായ ജീവിതരീതി സാധ്യമാണോ? ഈ അന്വേഷണം ഒരു യൂട്ടോപ്പിയക്കോ, കൂടുതൽ എന്തിനോ ഉള്ള ആഗ്രഹം സാധിക്കാനോ ആണോ? അഴിമതിയിൽ മുങ്ങിയ, വൈരുദ്ധ്യങ്ങൾ നിറഞ്ഞ , അനീതി നിറഞ്ഞ, നാം ജീവിക്കുന്ന സമൂഹത്തിൽ ഒരാൾക്ക് എന്താണ് ചെയ്യാൻ കഴിയുക? ഒരു പാഠശാലയിലെ അദ്ധ്യാപകൻ എന്ന നിലയ്ക്ക് മാത്രമല്ല, ഞാൻ എന്നോട് തന്നെ ചോദിക്കുകയാണ് - ഞാൻ എന്താണ് ചെയ്യേണ്ടത്?

നേരായ ഒരു ജീവിതോപായം കണ്ടെത്താനും സംഘർഷങ്ങളില്ലാതെ ജീവിക്കാനും ഈ സമൂഹത്തിൽ കഴിയുമോ? ധാർമ്മികമായ ഒരു ജീവിതരീതി കണ്ടെത്തി അവനവന്റെ ഉള്ളിലെ വൈരുദ്ധ്യങ്ങൾ ഇല്ലായ്മ ചെയ്യാൻ കഴിയുമോ? ഇവ രണ്ടും വ്യത്യസ്തമായ അടച്ചു പൂട്ടിയ അറകളിലാണോ ഉള്ളത്? അതോ ഇവ രണ്ടും ഒന്നായി പ്പോകുമോ?

വൈരുദ്ധ്യങ്ങളില്ലാത്ത ജീവിതരീതി കണ്ടെത്താൻ അവന വനെക്കുറിച്ച് നല്ല ധാരണയും അതു കൊണ്ട് ഏറെ വിവേകവും ആവശ്യമാണ്. ബുദ്ധിയുടെ കൗശലമല്ല. എന്നാൽ അകത്തും പുറത്തും സംഭവിച്ചുകൊണ്ടിരി ക്കുന്നത് വസ്തുനിഷ്ടമായി നിരീക്ഷിക്കാനും കാണാനുമുള്ള കഴിവ്, പിന്നെ അകവും പുറവും വ്യത്യസ്തമല്ല എന്നുള്ള തിരി ച്ചറിവും, പുറത്തേയ്ക്കും അക ത്തേയ്ക്കും നീങ്ങുന്ന തിരമാലപോലെയാണത്. നാം സൃഷ്ടിച്ച ഈ സമൂഹത്തിൽ, അവനവനിൽ ഒരുതരം വൈരുദ്ധ്യങ്ങളുമില്ലാതെ ജീവിക്കുകയും ശരിയായ ജീവനോപായം കണ്ടെത്തുകയും സാധ്യമാണോ? ഏതിലാണ് ഊന്നൽ നൽകേണ്ടത്? ശരിയായ ജീവിതോപായത്തിലോ, അതോ സ്വയം വൈരുദ്ധ്യ ങ്ങളില്ലാത്ത ജീവിതരീതിയിലോ? ഏതാണ് ആദ്യം വരുന്നത്? എന്നെംക്കാണ്ട് എല്ലാം പറയിച്ച് നിങ്ങൾ അത് കേട്ടിരിക്കുക മാത്രം ചെയ്ത് അംഗീകരി ക്കുകയോ, നിരസിക്കുകയോ ചെയ്യാതിരിക്കുക. ഇത് ഇങ്ങനെയല്ല, അങ്ങനെയല്ല, പ്രായോഗികമല്ല എന്ന് അവസാനം പറയാതിരിക്കുക. ഇത് നിങ്ങളുടെ പ്രശ്നമാണ്. നമ്മൾ പരസ്പരം ചോദിക്കുകയാണ്: ശരിയായ ജീവിതോപായവും വൈരുദ്ധ്യങ്ങളുടെ നിഴലില്ലാത്ത അവസ്ഥയും സ്വാഭാവികമായി കൈവരുന്ന ഒരു ജീവിത ശൈലിയുണ്ടോ?



ഫോട്ടോ കടപ്പാട് : കൃഷ്ണമൂർത്തി, ലിങ്ക് ഇന്റർനാഷണൽ

ഇങ്ങനെയൊരു ജീവിതം ആശ്രമത്തിൽ ഒരു സന്യാസിയായി അല്ലാതെ സാധ്യമല്ല എന്ന് ജനം പറയുന്നു. ജീവിതത്തെയും അതിന്റെ ദുരിതങ്ങളെയും ത്യജിച്ച് ദൈവ സേവനത്തിനായി, ഒരു വ്യക്തിക്കോ, ആശയത്തിനോ, മാതൃകയ്ക്കോ മുന്നിൽ സ്വയം സമർപ്പിക്കുമ്പോൾ നിങ്ങൾ താങ്ങിനിർത്തപ്പെടും എന്ന് പ്രത്യാശിക്കുന്നു. എന്നാൽ വളരെകുറച്ച് ആളു കളേ ഇന്ന് ആശ്രമങ്ങളിലും സ്വയം സമർപ്പണത്തിലും വിശ്വസിക്കുന്നുള്ളൂ. നിങ്ങൾ സ്വയം സമർപ്പിക്കുന്നത് നിങ്ങൾ തന്നെ സൃഷ്ടിച്ചതോ, വിക്ഷേപിച്ചതോ ആയ ഒരു ബിംബത്തിന് മുന്നിലാണ്. ജീവിതത്തിന്റെ ബന്ധങ്ങളുടെയും ഇടപെടലുകളുടെയും പൂർണ്ണമായ അർത്ഥവ്യാപ്തി മനസ്സിലാക്കിയാലേ വൈരുദ്ധ്യ ങ്ങളുടെ ലാഞ്ചനപോലുമില്ലാത്ത ജീവിതം നയിക്കാ നാകൂ. എന്താണ് ശരിയായ പ്രവർത്തനം? - അത് ഏത് സന്ദർഭത്തിലായാലും. അങ്ങനെ ഒന്നുണ്ടോ? ആപേക്ഷികമല്ലാതെ, പൂർണ്ണമായ, ശരിയായ പ്രതി കരണം ഉണ്ടോ? ജീവിതം ഇടപെടലുകളാണ്. ചലനം, സംസാരം, അറിവ് സമ്പാദിക്കൽ, ആഴത്തിലുള്ളതോ, യാദൃശ്ചികമായതോ ആയ ബന്ധങ്ങൾ. പൂർണ്ണമായ, തികച്ചും ശരിയായ പ്രവർത്തനം എന്താണെന്ന് കണ്ടെത്താൻ ശരിയായ ബന്ധം എന്താണെന്ന് തിരിച്ചറിയണം. നിങ്ങളുടെ ഇപ്പോഴത്തെ ബന്ധം എങ്ങനെയുള്ളതാണ്? കാല്പനികമായ, നൈമിഷിക മായ എപ്പോഴെങ്കിലും സംഭവിക്കുന്ന സാങ്കല്പിക ബന്ധമല്ല. എന്നാൽ ശരിക്കും മറ്റൊരാളോടുള്ള നിങ്ങളുടെ യഥാർത്ഥ ബന്ധം എന്താണ്? ശാരീരി കവും വൈകാരികവുമായ അടുപ്പവും സ്വാർത്ഥതയും പരസ്പര ആശ്രിതത്വവുമുള്ള, അസൂയയിലും വിരോധത്തിലും കലാശിക്കുന്ന ഒരു ബന്ധത്തിൽ ആ വ്യക്തിയോടുള്ള ശരിയായ ബന്ധം എന്താണ്? പുരുഷനും സ്ത്രീയും ഓഫീസിലോ, ജോലി സ്ഥലത്തോ മത്സരബുദ്ധിയിലും ആർത്തിയിലും മുന്നേറാനുള്ള, വിജയിക്കാനുള്ള ത്വരയിലും മുഴുകിയിരിക്കുന്നു. എന്നിട്ട് വീട്ടിൽ എത്തിയാൽ ഇണക്കവും സൗഹൃദവും അനുരാഗവും. ഇതാണല്ലോ നിത്യജീവിതത്തിലെ ബന്ധം. ഇത് ആർക്കും നിഷേധിക്കാനാകില്ല. അത് ശരിയായ ബന്ധം ആകുമോ എന്നാണ് നാം ചോദിക്കുന്നത്? ആകില്ല. അത് ശരിയായ ബന്ധമാണെന്ന് പറയുന്നത് യുക്തി ശൂന്യമാണെന്ന് നാം പറയും. നാമത് പറയുകയും എന്നാൽ അതിൽ തന്നെ തുടരുകയും ചെയ്യുന്നു. അത് തെറ്റാണെന്ന് സമ്മതിച്ചാലും ശരിയായ ബന്ധം എന്തെന്ന് മനസ്സിലാക്കാൻ നമുക്ക് ആകുന്നില്ല. നാമോ, സമൂഹമോ നിരൂപിച്ച ശരിതെറ്റുകൾക്കപ്പുറത്ത് യഥാർത്ഥ ബന്ധത്തിനായി നാം ആഗ്രഹിക്കുകയും കാത്തിരിക്കുകയും ചെയ്യുന്നു. എന്നാൽ അതൊന്നും അതിലേക്ക് നയിക്കില്ല. സഗൗരവം നാം അതിലേക്ക് കടക്കണം.

ശാരീരികമായ ആകർഷണമായിരിക്കും പല പ്പോഴും ബന്ധങ്ങളുടെ തുടക്കം. അത് സൗഹൃദവും പരസ്പര ആശ്രിതത്വവുമായി വളരുന്നു. പിന്നെ കുടുംബമായി തീരുമ്പോൾ ഈ ആശ്രിതത്വം കൂടുത ലാവുന്നു. ആ ആശ്രിതത്വത്തിൽ അനിശ്ചിതാവസ്ഥ ഉണ്ടാകുമ്പോൾ കാര്യങ്ങൾ തകിടം മറിയുന്നു. യഥാർത്ഥമായ ബന്ധം അന്വേഷിക്കുന്ന ഒരാൾ ഈ പരസ്പര ആശ്രിതത്വം എന്താണെന്ന് അന്വേഷി ക്കണം. മാനസികമായി നാം

ബന്ധങ്ങളിൽ ഇത്രമേൽ ആശ്രിതരാകുന്നത് എന്തുകൊണ്ടാണ്? നമ്മുടെ ദയനീയമായ ഒറ്റപ്പെടലാണോ ഇതിന് കാരണം. ആരേയും – നമ്മുടെ ഭർത്താവിനെയോ, ഭാര്യയേയോ പോലും നമുക്ക് വിശ്വസിക്കാനാകാത്തതാണോ ഇതിന് കാരണം. എന്നാൽ ഈ ആശ്രിതത്വം ഒരു തരം അഭയത്തിന്റെ തോന്നൽ ഉളവാക്കുന്നു. ഭീകരമായ ലോകയാഥാർത്ഥ്യത്തിൽ നിന്നും അഭയം. 'ഞാൻ സ്നേഹിക്കുന്നു' എന്ന നമ്മുടെ പ്രയോഗത്തിൽ പരസ്പരമുള്ള ഈ കൈവശാവകാശം ഒളിഞ്ഞിരി ക്കുന്നു. അത് ചോദ്യം ചെയ്യപ്പെടുമ്പോൾ പ്രശ്നങ്ങൾ തുടങ്ങുകയായി. അടുത്തതോ, അകന്നതോ ആയ നമ്മുടെ ബന്ധങ്ങളിൽ ഇന്നിതാണ്. നാം പരസ്പരം ഓരോ മനോചിത്രങ്ങൾ മെനയുകയും അതിൽ മുറുകെ പിടിക്കുകയും ചെയ്യുന്നു.

മറ്റൊരു വ്യക്തിയായോ, അല്ലെങ്കിൽ ഒരു ആശയമോ, സങ്കല്പമോ ആയോ നിങ്ങൾ ബന്ധിക്കപ്പെട്ടുവെങ്കിൽ ച്യുതി തുടങ്ങിക്കഴിഞ്ഞു. നാം തിരിച്ചറിയേണ്ടതും എന്നാൽ നാം അറിയാൻ ഇഷ്ടപ്പെടാത്തതുമായ കാര്യമതാണ്. ആന്തരികമായി പരസ്പരം ബന്ധനസ്ഥരാകാതെ, പരസ്പരം ആശ്രിതരാകാതെ ഒരുമിച്ച് ജീവിക്കാൻ കഴിയുമോ? ജീവിതം ബന്ധങ്ങൾ തന്നെയാണ്. അതുകൊണ്ട് ഇത് കണ്ടെത്താൻ കഴിയാഞ്ഞാൽ നിങ്ങൾ എന്നും പ്രശ്നങ്ങളിൽ തന്നെ ആയിരിക്കും. വസ്തുനിഷ്ഠമായി മറ്റ് ഉദ്ദേശ്യങ്ങളൊന്നുമില്ലാതെ തന്നെ സ്വാർത്ഥ ബന്ധങ്ങളുടെ വരുംവരായ്കകൾ നിരീക്ഷിച്ച് അത് നമ്മൾക്ക് പൊടുന്നനെ കൈവിടാനൊക്കുമോ? ആസക്തി വിരക്തിയുടെ വിപരീതമല്ല. എനിക്ക് ആസക്തിയുണ്ട്, വിരക്തിയുണ്ടാകാൻ ഞാൻ പരിശ്രമിക്കുന്നു. എന്നുവെച്ചാൽ ഞാൻ അതിന് ഒരു വിപരീതം കണ്ടെത്തുന്നു. അപ്പോൾ സംഘർഷം തുടങ്ങുന്നു. എന്നാൽ യഥാർത്ഥത്തിൽ വിപരീതമില്ല. എനിക്കുള്ളത് മാത്രമെയുള്ളൂ. അതായത് ആസക്തി. അതിൽ ഞാൻ ആശ്രിതബന്ധത്തിന്റെ എല്ലാ വരുംവരായ്കകളും സ്നേഹമില്ലായ്മയും നിരീക്ഷിക്കുന്നു. വിരക്തിയിലേക്ക് പോകാതെ. നമ്മുടെ മസ്തിഷ്കം നിലവിൽ ഉള്ളതിനെ കാണുമ്പോൾ അതിന്റെ എതിരിനെ സൃഷ്ടിക്കാൻ പരിശീലിക്കപ്പെട്ടിരിക്കുന്നു. ഞാൻ ഹിംസാലു ആണ്. ഞാൻ അങ്ങനെ ആകാൻ പാടില്ല. അപ്പോൾ സംഘർഷം തുടങ്ങുന്നു. എന്നാൽ എന്റെ അക്രമവാസനയെ ഞാൻ നിരീക്ഷിക്കുമ്പോൾ – വിശകലനം ചെയ്യലല്ല, നിരീക്ഷിക്കുക മാത്രം – എതിരിന്റെ സംഘർഷം ഒഴിവാക്കപ്പെടുന്നു. സംഘർഷം ഇല്ലാതെ ജീവിക്കണമെങ്കിൽ ഇപ്പോൾ ഉള്ളതിനെ മാത്രം കൈകാര്യം ചെയ്യുക. മറ്റൊന്നും ആവശ്യമില്ല. അങ്ങനെ ജീവിക്കുമ്പോൾ അത് സാധ്യമാണ്. ഇപ്പോൾ ഉള്ളതിൽ നിലനിൽക്കുമ്പോൾ അത് പൊഴിഞ്ഞുപോകുന്നു. ഇത് പരീക്ഷിച്ചു നോക്കുക.

ബന്ധങ്ങളുടെ സ്വഭാവം ശരിക്കും മനസ്സിലാകുമ്പോൾ-ആശ്രിതത്വവും മനോചിത്രങ്ങളും ഇല്ലാതാകുമ്പോഴേ അതുണ്ടാകൂ യഥാർത്ഥ വിനിമയം പരസ്പരം നടക്കുന്നു. യഥാർത്ഥ പ്രവൃത്തി എന്നാൽ വ്യക്തമായ, കൃത്യമായ പ്രവൃത്തിയാണ്. അതിന് മുൻ നിർദ്ദേശങ്ങളോ, ഉദ്ദേശ്യങ്ങളോ, താല്പര്യങ്ങളോ ഉണ്ടാവില്ല. ശരിയായ പ്രവർത്തനവും ശരിയായ ബന്ധവും മനസ്സിലാക്കുന്നത് സഹജാവബോധം ഉണർത്തുന്നു. ബുദ്ധിയുടെ അവബോധമല്ല എന്നാൽ നിങ്ങളുടെയോ എന്റെയോ അല്ലാത്ത പ്രജ്ഞയുടെ അവബോധത്തെ ഉണർത്തുന്നു. ആ പ്രജ്ഞ ജീവിതത്തെ പരിപാലിക്കാൻ നിങ്ങൾ എന്തുചെയ്യണമെന്ന് തീരുമാനിച്ചുകൊള്ളും. ആ പ്രജ്ഞ ഉണ്ടാകുമ്പോൾ നിങ്ങൾ ഒരു തോട്ടക്കാരനോ, പാചകക്കാരനോ എന്നത് പ്രശ്നമല്ല. ആ പ്രജ്ഞ ഇല്ലെങ്കിൽ നിങ്ങളുടെ ജീവിതോപായം സാഹചര്യങ്ങളെ ആശ്രയിച്ചു നിൽക്കുന്നു.

ഒരുതരം സംഘർഷങ്ങളുമില്ലാത്ത ജീവിതരീതിയുണ്ട്. ഒരുതരം വൈരുദ്ധ്യങ്ങളുമില്ലാത്തതിനാൽ പ്രജ്ഞ നിലവിൽവരുന്നു. അത് നേരായ ജീവിതരീതി കാണിച്ചുതരുന്നു.

*(അവലംബം : 'ചോദ്യങ്ങൾ, ഉത്തരങ്ങൾ')*


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) - പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (പ്ലാച്ചിമട / മലയാളം)

**Bitter Drink** (English) കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്.

സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം : മണിലാൽ.

**പുഴ ജീവനുവേണ്ടി** (River for Life) സംവിധാനം : അമിതാബച്ചൻ, 34 മിനിട്ട്.

**പുഴയുടെ അവകാശികൾ** (River Dam Damn) സംവിധാനം : മണിലാൽ, 24 മിനിട്ട്.

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി, 30 മിനിട്ട്.

**Source of Life for Sale**, 60 mts., Direction : K.P. Sasi

**വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**

കൊക്കാലെ, തൃശൂർ 21.

ഫോൺ : 9388872845, 9447674375